## പതിനാലാം കേരള നിയമസഭ
### നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3741

14.03.2017 — ൽ മറുപടിക്ക്

### റേഷൻ കാർഡുകളിലെ മുൻഗണനാ ക്രമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ഡി. പ്രസേനൻ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) റേഷൻ കാർഡുകളിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട പട്ടികജാതി വിഭാഗക്കാരായ കൂലിപ്പണിക്കാർക്ക് പട്ടികജാതിവിഭാഗക്കാർക്കും, കൂലിപ്പണിചെയ്യുന്നവർക്കുമുള്ള പരിഗണന നിലവിൽ ലഭിച്ചിട്ടുണ്ടോ; | (എ) യും (ബി) യും. 14.01.2011-ലെ സ.ഉ(കൈ)നം.16/2011/ത.സ്വ.ഭ.വ പ്രകാരമുള്ള മാനദണ്ഡ പ്രകാരമാണ് മുൻഗണനാ വിഭാഗക്കാരെ നിശ്ചയിച്ചിട്ടുള്ളത്. ടി മാനദണ്ഡത്തിൽ പരമ്പരാഗത തൊഴിൽ വിഭാഗത്തിലാണ് പട്ടികജാതി, കൂലി എന്നിവരെ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ഉത്തരവ് പ്രകാരം ദാരിദ്ര്യ സൂചകത്തിന്റെ ഉപസൂചകങ്ങളിൽ ബാധകമായ ഒരു സൂചകം മാത്രമേ പരിഗണിക്കാൻ നിർവ്വാഹമുള്ളൂ. അതിനാലാണ് കൂലിപ്പണിക്കാരായ പട്ടികജാതി വിഭാഗത്തിന് ഏതെങ്കിലും ഒരു വിഭാഗത്തിന്റെ മാർക്ക് മാത്രം കിട്ടാൻ കാരണമായത്. |
| (ബി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി). |

സെക്ഷൻ ഓഫീസർ